(സി) ബി.ടെക്. കോഴ്സിന് യു.ജി.സി. മാനദണ്ഡപ്രകാരം ക്രഡിറ്റ് ബെയ്സ്ഡ് സിലബസ്സാണ് സർവ്വകലാശാല വിഭാവനം ചെയ്തിരിക്കുന്നത്. ഇതുപ്രകാരം സംസ്ഥാനത്ത് ഏകീകൃതമായ സിലബസ്സും പരീക്ഷാ സമ്പ്രദായവുമാണ് നിലവിൽ വരുന്നത്. എം.ടെക് കോഴ്സുകൾ അക്കാദമിക സ്വയംഭരണത്തോടുകൂടിയ 10 ക്ലസ്റ്ററുകളിലായാണ് നടത്തുവാൻ വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ ക്ലസ്റ്ററും ഒരു ചെയർമാന്റേയും കൺവീനറുടേയും നേതൃത്വത്തിൽ പ്രത്യേകം സിലബസ് അനുസരിച്ചാണ് നടത്തുന്നത്. പരീക്ഷ സമ്പ്രദായം എല്ലാ ക്ലസ്റ്ററിനും ഏകീകൃതമായിരിക്കും.

(ഡി) സർവ്വകലാശാലയിലെ ജീവനക്കാരുടെ നിയമനത്തിനായി തസ്തിക നിർണ്ണയം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സർവ്വകലാശാലകളിലെ ഗവേഷണ പ്രബന്ധങ്ങൾ

52 (2544) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സർവ്വകലാശാലകളിലെ ഗവേഷണ പ്രബന്ധങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗവേഷണ പ്രവർത്തനങ്ങളുടെയും പ്രബന്ധങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നകാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) സർവ്വകലാശാലകളിൽ ഗവേഷണ പ്രബന്ധങ്ങൾ കാണാതാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഗവേഷണ പ്രബന്ധങ്ങളുടെ ഡിജിറ്റൽ ആർക്കൈവ് സർവ്വകലാശാലകളുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗവേഷണ പ്രബന്ധങ്ങളുടെ മോഷണം ഉൾപ്പെടെയുള്ള തെറ്റായ പ്രവണതകൾ അവസാനിപ്പിച്ച് ഗവേഷണ പ്രവർത്തനങ്ങളുടെയും പ്രബന്ധങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തണമെന്നതാണ് സർക്കാരിന്റെ നിലപാട്.

(സി&ഡി) സർവ്വകലാശാലതലത്തിൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly